ശ്രീ. എ. ജെ. ജാൺ : 10 സബ് ജയിലുകൾ ഉണ്ടാക്കണമെന്ന് പറഞ്ഞിട്ടുള്ളതിൽ 6 എണ്ണം ഉണ്ടാക്കിക്കഴിഞ്ഞു. നാഗർകോവിൽ, തിരുവനന്തപുരം, എറണാകുളം, ഇരിഞ്ഞാലക്കുട, കൊല്ലം, ആലപ്പുഴ എന്നിങ്ങനെ ആറു സ്ഥലങ്ങളിലാണ്. ബാക്കി സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടാകാത്തതുകൊണ്ടും സ്റ്റാഫ് കിട്ടാത്തതുകൊണ്ടുമാണ് നീട്ടിവച്ചിട്ടുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആ റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്ക് വയ്ക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : ആലോചിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ റിപ്പോർട്ടിലെ ശുപാർശകൾ എത്ര കാലംകൊണ്ട് നടപ്പിൽ വരും ?

ശ്രീ. എ. ജെ. ജാൺ : പുതിയ കെട്ടിടങ്ങളും ആവശ്യമുള്ള സ്റ്റാഫും ലഭിക്കുന്നതിന് കുറെ കാലതാമസം വരും.

ശ്രീ. എം. എം. മത്തായി : ഏതാനും ലാക്കപ്പുകൾ പുതിയതായി പണിയണമെന്ന് ശുപാർശ ചെയ്തിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : അതും ഉണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ പോലീസ് സ്റ്റേഷന്റെ അടുത്തു വേണം സബ് ജയിലുകൾ എന്ന് വല്ല നിർബന്ധവും ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ ഞാൻ പറഞ്ഞില്ല.

ശ്രീ. കെ. സി. ജോർജ് : ഇൻറിം റിപ്പോർട്ടിലെ ശുപാർശകൾ മാത്രമല്ലേ ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത് ?

ശ്രീ. എ. ജെ. ജാൺ : അതെ.

ശ്രീ. കെ. സി. ജോർജ് : ഫൈനൽ റിപ്പോർട്ട് അനുസരിച്ചുള്ള ശുപാർശകൾ എന്നു നടപ്പിലാകും ?

ശ്രീ. എ. ജെ. ജാൺ : അതിനാവശ്യമായ പ്രൊവിഷൻസ് എല്ലാം ബഡ്ജറിൽ ചേർത്തു പാസ്സാക്കിയതിനുശേഷം അതെല്ലാം നടപ്പിലാകും.

ശ്രീ. കെ. സി. ജോർജ് : ആ റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്ക് വയ്ക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതിനു ഞാൻ നേരത്തെ ഉത്തരം പറഞ്ഞു.

അഴിമതി നിവാരണവകുപ്പ്.

*86. [25] ശ്രീ. ടി. എ. മജീദ് : തൊഴിൽ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സഭാസമക്ഷം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഴിമതി നിവാരണവകുപ്പിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് ;

(ബി) അഴിമതി നിവാരണവകുപ്പിൽ ഈ മാറ്റം വരുത്തിയതിന്റെ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വകുപ്പ് ഇതിനകം എത്ര അഴിമതിക്കേസുകൾ പിടിച്ചിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ നൽകിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തെ അഴിമതി നിവാരണ വകുപ്പിന്റെ പ്രവർത്തനത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അഴിമതി നിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു 16-6-55-ലെ ഗവണ്മെന്റ് ഓർഡർ അനുസരിച്ച് സെക്രട്ടറിയേറ്റിൽ ഒരു പുതിയ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ മാറ്റം വരുത്താനുള്ള കാരണങ്ങൾ അഴിമതി നിവാരണവകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഗവണ്മെന്റ് കാര്യങ്ങൾ നടത്തുന്നതിനുള്ള താമസങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടിയാണ്.

(സി) ഈ ഡിപ്പാർട്ടുമെന്റിലേയ്ക്ക്, ഈ ചോദ്യം തയാറാക്കുന്നതിയതിവരെ, 1805 പരാതികൾ അയച്ചിട്ടുണ്ട്. ചിലതെല്ലാം ഡിപ്പാർട്ടുമെന്റിൽ നേരിട്ട കിട്ടിയവയാണ്. അവയിൽ 1285 പരാതികൾക്ക് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയിട്ടില്ല. ബാക്കിയുള്ളവയിൽ 7 കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ നൽകിയിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഈ കുറ്റങ്ങളുടെ സ്വഭാവം എന്താണെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശിക്ഷിച്ച കുറ്റങ്ങളാണെങ്കിൽ അതൊക്കെ പത്രക്കുറിപ്പുകളും പ്രസ്സ്നോട്ടുകളും വഴി അറിഞ്ഞിട്ടുണ്ട്. എന്റെ ഓർമ്മ വച്ചു പറയുകയാണെങ്കിൽ അതു് എക്സാക്റ്റ് ആയിരിക്കുകില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ പ്രത്യേക വകുപ്പുദ്യോഗസ്ഥന്മാർ സംഘടനകളും വ്യക്തികളും അയയ്ക്കുന്ന പരാതികൾ അന്വേഷിക്കുന്നതിനു് അധികാരം നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റിനു കിട്ടുന്ന ആക്ഷേപങ്ങൾ അയച്ചുകൊടുക്കുന്നതും അന്വേഷിക്കുന്നതുമാണ്. അതിനും പുറമേ മറ്റുള്ള പരാതികളും അയച്ചുകൊടുത്തിട്ടുണ്ട്.

WRITTEN ANSWERS

ഡെവലപ്പ്മെന്റ് വർക്കുകൾ.

*87. [26] ശ്രീ. എം. എം. മത്തായ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1953-54 വർഷത്തിൽ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും ഡവലപ്പ്മെന്റ് വർക്കുകൾക്കായി വല്ല തുകയും അനുവദിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര രൂപ;

(സി) അതിൽ എത്ര രൂപ ചെലവായി;

(ഡി) 1954-55-ൽ ചെലവാക്കുന്നതിനുവണ്ണം ടി ഇനത്തിൽ വല്ല തുകയും അനുവദിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൽ എത്ര രൂപ ഇതിനകം ചെലവായി?

LIBRARY ARCHIVES Kerala Legislative Assembly